V മേശപ്പുറത്തുവച്ച കടലാസ്സുകൾ

2010-ലെ സാമ്പത്തിക അവലോകനം

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, 2010-ലെ സാമ്പത്തിക അവലോകനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

VI ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. എ.എ. ഷുക്കൂർ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഇനിയൊരു തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കാൻ 14 ദിവസം മാത്രമാണുള്ളത്.

മി. സ്പീക്കർ : കൃത്യമായ വിവരം ശ്രീ. എ.എ. ഷുക്കൂറിന് കിട്ടിയോ?

ശ്രീ. എ. എ. ഷുക്കൂർ : എന്തായാലും സ്പോർട്ട്സ് വകുപ്പുമന്ത്രി ഇന്നലെ ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും യാത്രയയപ്പ് നൽകിക്കഴിഞ്ഞു. അതുതന്നെ അതിന്റെ സൂചനയാണ്. 14 ദിവസമെന്നുപറയുന്നത് 336 മണിക്കൂറുകൾ മാത്രമാണ്. ഈ 336 മണിക്കൂറുകൾകൊണ്ട് എന്തൊക്കെ ചെയ്യുമെന്നുള്ളത് പറയുന്നതിനുപകരം ഒരു നയപ്രഖ്യാപനമായി ബഹുമാനപ്പെട്ട ഗവർണ്ണറെക്കൊണ്ട് അവതരിപ്പിച്ച നടപടിയോട് യോജിക്കാൻ കഴിയുന്നില്ല. എന്തായാലും അത് ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗമായി കാണാൻ കഴിയുന്നില്ല. ഇതൊരു തെരഞ്ഞെടുപ്പ് പ്രകടന പത്രികയായി മാത്രമേ നമുക്ക് കാണാൻ കഴിയൂ. ഇതാണ് അതുസംബന്ധിച്ച് പറയാനുള്ളത്. മിനിഞ്ഞാന്ന് മുതൽ നടന്ന ചർച്ചയിൽ അവാർഡുകളെക്കുറിച്ചാണ് ഈ ഗവൺമെന്റ് കൂടുതൽ കാര്യങ്ങൾ പറഞ്ഞത്. അവാർഡുകളെക്കുറിച്ച് പറയുമ്പോൾ, കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള അവാർഡുകൾ സൂചിപ്പിച്ചു. എന്നാൽ മറ്റൊരു അവാർഡുകൂടി ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നുണ്ട്. അതായത് 2008 ഫെബ്രുവരി 8-ന് അമേരിക്കയിലെ വാഷിംഗ്ടണിൽനിന്ന് ലോകബാങ്കിന്റെ ഒരു അവാർഡ് ഈ ഗവൺമെന്റിന് കിട്ടിയിട്ടുണ്ട്. കെ.ആർ.ഡബ്ലിയു.എസ്.എ. എന്നുപറയുന്ന പ്രവർത്തനത്തിനാണ്. അത് നമ്മുടെ ലോകബാങ്കിന്റെ അവാർഡാണ്. ഈ അവാർഡ് 2008 ഫെബ്രുവരിയിൽ വാഷിംഗ്ടൺ ഡി.സി.-യിൽ ലോകബാങ്ക് ഓഫീസിൽ നടന്ന പ്യൂപ്പിൾസ് ഫസ്റ്റ് അവാർഡ് എന്ന പേരിലാണ്. മത്സരത്തിൽ KRWSA-ക്ക് (Kerala Rural Water Supply and Sanitation Agency) ഫസ്റ്റ് റണ്ണർ അപ് സ്ഥാനം ലഭിച്ചിട്ടുണ്ട്. 23-ാമത്തെ ഖണ്ഡികയിൽ രേഖപ്പെടുത്തിയിരിക്കുകയാണ്. ജനകീയ കോടതിയുടെ അവാർഡുകളെക്കുറിച്ച് ഈ ഗവൺമെന്റ് ഒന്നും പറയുന്നില്ല. കഴിഞ്ഞ നാലുവർഷക്കാലം നമ്മുടെ സംസ്ഥാനത്തുണ്ടായ വിവിധ ജനകീയ കോടതികളുടെ വിധി എന്തായിരുന്നു? ഞാൻ ആലപ്പുഴ ജില്ലക്കാരനാണ്. ഒരു കാലഘട്ടത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കോട്ടകൊത്തളങ്ങളിൽപ്പെട്ട ഒരു ജില്ലയായിരുന്നു അത്. ആ ജില്ലയിലെ തുറവൂർ, കുമാരപുരം, പാണാവള്ളി എന്നിവിടങ്ങളിൽ കഴിഞ്ഞ 60 വർഷക്കാലം മാർക്സിസ്റ്റ് പാർട്ടി പൂർണ്ണമായി ഭരിച്ച്

LIBRARY ARCHIVES Kerala Legislative Assembly